## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5653 — 24.05.2017 ൽ മറുപടിക്ക്

### സർക്കാരിന്റെ അലോപ്പതി ആശുപത്രികൾ

| ചോദ്യം<br>ശ്രീ.പി.സി. ജോർജ് | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് സർക്കാരിന്റെ വക (മേൽനോട്ടത്തിൽ) എത്ര അലോപ്പതി ആശുപത്രികൾ ഉണ്ട്; ഇതിൽ മെഡിക്കൽ കോളേജുകൾ എത്ര; ജനറൽ ആശുപത്രികൾ എത്ര; താലൂക്ക് ആശുപത്രികൾ എത്ര; പി.എച്ച്.സി.കൾ എത്ര; ഇവകൾ ജില്ല തിരിച്ച് എണ്ണവും വിശദാംശങ്ങളും വെളിപ്പെടുത്തുമോ; | (എ) ആരോഗ്യ വകുപ്പിനു കീഴിൽ വിവിധ വിഭാഗങ്ങളിലായി പ്രവർത്തിക്കുന്ന ആശുപത്രികളുടെ എണ്ണം അനുബന്ധമായി ചേർക്കുന്നു.<br><br>മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനു കീഴിലുള്ള മെഡിക്കൽ കോളേജുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.<br>1. ഗവ. മെഡിക്കൽ കോളേജ്. തിരുവനന്തപുരം.<br>2. ഗവ. മെഡിക്കൽ കോളേജ്. കൊല്ലം<br>3. ഗവ. മെഡിക്കൽ കോളേജ്. ആലപ്പുഴ.<br>4. ഗവ. മെഡിക്കൽ കോളേജ്. കോട്ടയം.<br>5. ഗവ. മെഡിക്കൽ കോളേജ്. ഇടുക്കി.<br>6. ഗവ. മെഡിക്കൽ കോളേജ്. എറണാകുളം.<br>7. ഗവ. മെഡിക്കൽ കോളേജ്. തൃശ്ശൂർ.<br>8. ഗവ. മെഡിക്കൽ കോളേജ്. മലപ്പുറം.<br>9. ഗവ. മെഡിക്കൽ കോളേജ്. കോഴിക്കോട്. |
| (ബി) സർക്കാർ നിയന്ത്രണത്തിൽ എത്ര സ്വകാര്യ അലോപ്പതി ആശുപത്രികൾ ഉണ്ട്; ജില്ല തിരിച്ച് പേര് സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ; | (ബി) ബാധകമല്ല. |

| | | | |
|---|---|---|---|
| (സി) | സ്വകാര്യ അലോപ്പതി ആശുപത്രികളിലെ നേഴ്സുമാരുടെ (ബി.എസ്.സി & ജനറൽ തുടങ്ങിയവ.) വേതനം എത്രയെന്ന് സർക്കാർ നിജപ്പെടുത്തിയിട്ടുണ്ടോ; | (സി) | ഉണ്ട്. |
| (ഡി) | പല സ്വകാര്യ ആശുപത്രികളും ശമ്പളവും മറ്റും വളരെ കുറച്ച് നൽകി നേഴ്സുമാരെ ചൂഷണം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | എങ്കിൽ രാപ്പകൽ പണിയെടുക്കുന്ന നേഴ്സുമാരുടെ ഉന്നമനത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ? | (ഇ) | തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ സ്വകാര്യ ആശുപത്രികളിൽ പരിശോധനകൾ നടത്തുകയും കണ്ടെത്തുന്ന നിയമലംഘനങ്ങൾക്ക് നോട്ടീസ് നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. മിനിമം വേതനം ലഭ്യമാക്കാത്ത തൊഴിലുടമകൾക്കെതിരെ ക്ലെയിം പെറ്റീഷൻ ഫയൽ ചെയ്യുകയും മറ്റുള്ള നിയമലംഘനങ്ങൾക്ക് പ്രോസിക്യൂഷൻ ഫയൽ ചെയ്യുകയും ചെയ്യുന്നു. ഇത്തരത്തിൽ 2017-ൽ നാളിതുവരെ 240 സ്വകാര്യ ആശുപത്രികളിൽ പരിശോധന നടത്തുകയും 29 പ്രോസിക്യൂഷനും 11 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പ് വരുത്തുന്നതിനും വേതന വിതരണം സുതാര്യമാക്കുന്നതിനുമായി തൊഴിൽ വകുപ്പ് വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി വഴി ജീവനക്കാർക്ക് വേജ് സ്ലിപ്പ് ലഭ്യമാക്കുകയും വേതനം അവരവരുടെ ബാങ്ക് അക്കൗണ്ടിൽ ലഭ്യമാകുകയും ചെയ്യുന്നു. സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ആരോഗ്യ വകുപ്പിന്റെ കീഴിൽ ഐ.ആർ.സി (IRC) രൂപീകരിച്ചിട്ടുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

അനുബന്ധം - I

# Number of Modern Medicine Institutions Under Department of Health Services 2016

## (G.O.(Rt) No.645/2016/H&FWD Dated 26/02/2016)

| SL NO | DISTRICT | GH | DH | THQH | TH | CHC | 24 X 7 PHC | PHC | DTBC | Others | SPECIALITY HOSPITAL | | | | | TOTAL | SUB CENTRES | GRAND TOTAL |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | W&CH | MHC | TB | LEP | SPECIALITY (OTHERS) | | | |
| 1 | Thiruvananthapuram | 2 | 2 | 2 | 5 | 23 | 6 | 63 | 1 | 9 | 2 | 1 | 1 | 0 | 1 | 118 | 483 | **601** |
| 2 | Kollam | 0 | 1 | 4 | 4 | 17 | 6 | 52 | 1 | 1 | 1 | 0 | 1 | 0 | 0 | 88 | 418 | **506** |
| 3 | Pathanamthitta | 2 | 1 | 4 | 0 | 12 | 5 | 38 | 1 | 4 | 0 | 0 | 0 | 0 | 0 | 67 | 260 | **327** |
| 4 | Alappuzha | 1 | 2 | 6 | 0 | 16 | 17 | 42 | 1 | 1 | 1 | 0 | 1 | 1 | 1 | 90 | 366 | **456** |
| 5 | Kottayam | 4 | 0 | 3 | 0 | 20 | 12 | 43 | 1 | 0 | 0 | 0 | 0 | 0 | 1 | 84 | 339 | **423** |
| 6 | Idukki | 0 | 2 | 3 | 1 | 13 | 11 | 30 | 1 | 2 | 0 | 0 | 0 | 0 | 0 | 63 | 307 | **370** |
| 7 | Ernakulam | 2 | 1 | 5 | 6 | 23 | 33 | 42 | 1 | 1 | 1 | 0 | 0 | 0 | 0 | 115 | 410 | **525** |
| 8 | Thrissur | 2 | 1 | 3 | 3 | 24 | 11 | 68 | 1 | 3 | 0 | 1 | 0 | 1 | 0 | 118 | 472 | **590** |
| 9 | Palakkad | 0 | 1 | 4 | 2 | 19 | 11 | 65 | 1 | 9 | 1 | 0 | 0 | 0 | 1 | 114 | 504 | **618** |
| 10 | Malappuram | 1 | 3 | 3 | 3 | 22 | 19 | 65 | 1 | 6 | 0 | 0 | 1 | 0 | 0 | 124 | 578 | **702** |
| 11 | Kozhikode | 1 | 1 | 1 | 6 | 16 | 6 | 57 | 1 | 0 | 1 | 1 | 0 | 1 | 0 | 92 | 402 | **494** |
| 12 | Wayanad | 1 | 1 | 2 | 0 | 9 | 8 | 15 | 1 | 5 | 0 | 0 | 0 | 0 | 0 | 42 | 204 | **246** |
| 13 | Kannur | 1 | 1 | 1 | 8 | 9 | 13 | 70 | 1 | 3 | 1 | 0 | 0 | 0 | 0 | 108 | 413 | **521** |
| 14 | Kasragod | 1 | 1 | 0 | 2 | 9 | 10 | 30 | 1 | 3 | 0 | 0 | 0 | 0 | 0 | 57 | 247 | **304** |
| | **Total** | **18** | **18** | **41** | **40** | **232** | **168** | **680** | **14** | **47** | **8** | **3** | **4** | **3** | **4** | **1280** | **5403** | **6683** |

(**GH**: General Hospital, **DH**: District Hospital, **THQH**: Taluk Head Quarters Hospital, **TH**: Taluk Hospital, **CHC**: Community Health Centre, **PHC**: Primary Health Centre, **DTBC**: District TB Centre, **W&CH**: Women & Children Hospital, **MHC**: Mental Health Centre, **TB**: TB Hospital, **LEP**: Leprocy Hospital)

[signature]
സെക്ഷൻ ഓഫീസർ